**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **11-10-2024 - ൽ മറുപടിയ്ക്ക്**

**അത്‌ലറ്റിക് ട്രെയ്നറുടെ പുനർനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അത്‌ലറ്റിക് ട്രെയ്നറുടെ പുനർനിയമനം സംബന്ധിച്ച് പുനലൂർ മണ്ഡലത്തിലെ അഞ്ചൽ കോളേജ് മാനേജ്മെൻറ്, സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (എ) | അഞ്ചൽ കോളേജിലെ ഡേ-ബോർഡിംഗ് സെന്ററിലെ അത്ലറ്റിക്സ് ട്രെയിനറുടെ പുനർനിയമനം സംബന്ധിച്ച് അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനം സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശോധിക്കുകയുണ്ടായി. നിലവിൽ സേവനം അനുഷ്ഠിച്ചിരുന്ന അത്ലറ്റിക്സ് ട്രെയിനർക്ക് 56 വയസ്സ കഴിഞ്ഞതിതിന്റെ അടിസ്ഥാനത്തിലാണ് 2023 ഏപ്രിൽ മുതൽ അദ്ദേഹത്തിന്റെ സേവനം പുതുക്കി നൽകാത്തത്.<br><br>കോവിഡ് മഹാമാരിയ്ക്കു ശേഷം ഡേ ബോർഡിംഗ് സെന്ററുകൾ ഏറെകുറെ നിർത്തിവച്ചിരിക്കുകയാണ്. നിലവിലുള്ള ഡേ ബോർഡിംഗ് സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കുന്നതും പുതിയ സെന്ററുകൾ തുടങ്ങുന്നതിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതും (അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനം ഉൾപ്പെടെ), സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്. |
| (ബി) | അഞ്ചൽ കോളേജിന് 2014-15 അദ്ധ്യയന വർഷത്തിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അനുവദിച്ചു നൽകിയിരുന്ന ഡേ-ബോർഡിങ് സ്കീമും ഒരു അത്‌ലറ്റിക് ട്രെയ്നറുടെ സേവനവും 2023 ഏപ്രിൽ മുതൽ പിൻവലിച്ചുവെങ്കിലും, പ്രസ്തുത കോളേജിൽ ഇപ്പോഴും കുട്ടികളെ പരിശീലിപ്പിച്ചു വരുന്ന അത്‌ലറ്റിക് ട്രെയ്നറെ പുനർ നിയമിച്ചു നൽകുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ? | (ബി) | അഞ്ചൽ കോളേജിലെ ഡേ-ബോർഡിംഗ് സെന്ററിലെ അത്ലറ്റിക്സ് ട്രെയിനറുടെ പുനർനിയമനം സംബന്ധിച്ച് അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനം സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശോധിക്കുകയുണ്ടായി. നിലവിൽ സേവനം അനുഷ്ഠിച്ചിരുന്ന അത്ലറ്റിക്സ് ട്രെയിനർക്ക് 56 വയസ്സ കഴിഞ്ഞതിതിന്റെ അടിസ്ഥാനത്തിലാണ് 2023 ഏപ്രിൽ മുതൽ അദ്ദേഹത്തിന്റെ സേവനം പുതുക്കി നൽകാത്തത്.<br><br>കോവിഡ് മഹാമാരിയ്ക്കു ശേഷം ഡേ ബോർഡിംഗ് സെന്ററുകൾ ഏറെകുറെ നിർത്തിവച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ഡേ ബോർഡിംഗ് സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കുന്നതും പുതിയ സെന്ററുകൾ തുടങ്ങുന്നതിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതും (അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനം ഉൾപ്പെടെ), സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ